# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഒഴൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം24/23/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.21-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഒഴൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഒഴൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

mac

നം. കെ.എസ്.എ.എം.പി.എം.24/23 /2017 തിയ്യതി:21-01-2017

## മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2016 മുതൽ 16.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ഷാജഹാൻ എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17-12-2016 മുതൽ 26-12-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി കെ ശുഭാദേവി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സെൽമത്ത് ടി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സിന്ധു . ഐ | ഓഡിറ്റർ |
| ശ്രീ. ശ്രീകാന്ത്. വി.പി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.മുഹമ്മദ് നൂഹ് | 01.04.2015 മുതൽ 31.10.2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| ശ്രീമതി പ്രജിത | 19.11.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ ജയൻ | 01.04.2015 മുതൽ 31.03.2016 വര |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ജോസഫ്.കെ.വി | 01.04.2015 മുതൽ 20.08.2015വരെ |
| | ശ്രീമതി.ശാന്തകുമാരി.ജി | 21.08.2015മുതൽ 01.12.2015 വര |
| | ഒഴിവ് | 02-12-2015മുതൽ 08-12-2015വരെ |
| | ശ്രീ.മിഥുൻ കൈലാസ് | 09/12/2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബെൽസി ബാബു | 01.04.2015 മുതൽ 31.03.2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. കെ.എം.ജമീല | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ.ജോസഫ്.ടി.വി | 01.04.2015 മുതൽ 01.03.2016 വരെ |
| | ഒഴിവ് | 02-03-2016മുതൽ 20-03-2016വരെ |
| | ശ്രീ.അരുൺ ആർ | 21.03.2016മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.വിശ്വനാഥൻ എം | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.പ്രസന്നകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഫാത്തിമ താഹിറ | 01.04.2015 മുതൽ 02.07.2015വരെ |
| | ഡോ.രഹന.പി | 03.07.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ബിനീഷ്.എ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | കെട്ടിടങ്ങളുടെ റഗുലറൈസേഷൻ ഫീ കുറവായി ഈടാക്കിയതിനാൽ വരുമാന നഷ്ടം | 2-1 | |
| 13 | റേഷൻ കടകൾക്ക് ലൈസൻസ് ഫീ ഈടാക്കുന്നില്ല | 2-2 | |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-3 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 19 | ടാറിംഗ് പ്രവൃത്തികൾ - ടാർ വില ഇനത്തിൽ അധികം തുക നൽകി | 3-1 | |
| 20 | കതിർകുളങ്ങര – എരനെല്ലൂർ റോഡ് ടാറിംഗ് - കൺവീനർക്ക് അധിക തുക നൽകി | 3-2 | |
| 21 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 3-3 | |
| 22 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-4 | |
| 23 | ഭവന നിർമ്മാണം - പണി പൂർത്തീകരിച്ചില്ല | 3-5 | |
| 24 | അനുപൂരക പോഷകാഹാര പദ്ധതി - ഭക്ഷണ സാധനങ്ങൾ വാങ്ങിയതിൽ ക്രമക്കേട് | 3-6 | |
| 25 | മരുന്നുകൾ വിതരണം ചെയ്തില്ല | 3-7 | |
| 26 | വൗച്ചർ ഹാജരാക്കിയില്ല | 3-8 | |
| 27 | PHCക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-9 | |
| 28 | പരിരക്ഷ – ബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 3-10 | |
| 29 | പരിരക്ഷ – മരുന്നുകൾ ലഭ്യമായിട്ടില്ല | 3-11 | |
| 30 | THRS – ഭക്ഷ്യ മിശ്രിതം - ഗുണനിലവാരം ഉറപ്പ് വരുത്തിയില്ല | 3-12 | |
| 31 | അംഗൻ വാടികളിലെ ഭൗതിക സൗകര്യങ്ങൾ അപര്യാപ്തം | 3-13 | |
| 32 | പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-14 | |
| 33 | “മീഡിയശ്രീ “ – തുക മുൻകൂറായി നൽകി എങ്കിലും ഡോക്യുമെന്ററി നാളിതുവരെ പൂർത്തീകരിച്ചില്ല | 3-15 | |
| 34 | ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു | 3-16 | |
| 35 | നിക്ഷേപത്തുകകൾ – കാലാവധി കഴിഞ്ഞവ പഞ്ചായത്തിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 3-17 | |

| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
|---|---|---|---|
| 37 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 40 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 31/03/2015-തീരുമാനം(1) | 04/03/2016 തീരുമാനം-(1) |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 20/07/2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 17-12-16 മുതൽ 26-12-16 വരെ | KSAMPM /24/23/2017,<br>തീ: 21-01-2017 |

അപാകതകൾ

1.കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011 ലെ ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

a)മാസാന്ത്യങ്ങളിൽ സ്റ്റോക്കിന്റെ വിനിയോഗ വിവരം സമാഹരിക്കുന്നില്ല(R 58(2)d)

b)ഓരോ അർദ്ധ വർഷാവസാനത്തിലും ഡെപ്പോസിറ്റുകൾ, മുൻകൂറുകൾ, കിട്ടാനുള്ളവയും വരുമാനവും തുടങ്ങിയവ അനുബന്ധ രേഖകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുന്നില്ല(R 58(3)a)

c)കാപ്പിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സ് രേഖകളും റെക്കോർഡുകളുമായി പൊരുത്തപ്പെടുത്തുന്നില്ല(R58(3)f)

d)വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന നടത്തുന്നില്ല(R 58(4)b)

2.വർഷങ്ങളായി ഇടപാടുകൾ നടത്താത്ത 6ബാങ്ക് അക്കൗണ്ടുകൾ ( കുടുംബശ്രീ, സാക്ഷരത, OAP,MBS, SSA,TSC) ക്ലോസ് ചെയ്തിട്ടില്ല.

3.വസ്തു നികുതി ഇനത്തിലുള്ള വരവിന്റെ ഡിമാൻഡ്/കുടിശ്ശിക ഡിമാൻഡ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

5.ചുവടെ കൊടുത്തിരിക്കുന്ന വരവ് ഇനങ്ങളിലെ തുകകൾ ഡിമാൻഡ് രജിസ്റ്ററിലും വാർഷികകണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു

| ഇനം | ഡിമാൻഡ് രജിസ്റ്റർ പ്രകാരം വരവ് | AFS പ്രകാരം വരവ് |
|---|---|---|
| ഡി & ഒ ഫീ | 118,00 | 11,050 |
| ഇൻസ്റ്റലേഷൻ ഫീ | 200 | 400 |

6.അസി.എൻജിനീയർ നിർവ്വഹണംനടത്തുന്ന പ്രൊജക്റ്റുകളിൽ ഈടാക്കുന്ന VAT, IT, KCWWF എന്നിവയും വിവിധ പ്രവൃത്തികളിൽ നിക്ഷേപമായി സ്വീകരിക്കുന്ന തുകകളും ( EMD, FD) വാർഷികകണക്കിൽ ഉൾപ്പെടുന്നില്ല

7.മുൻ വർഷ AFS സർട്ടിഫിക്കേഷനിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർങ പത്രിക, രസീത് ആന്റ് പേയ്മെന്റ് പത്രിക എന്നിവ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

ധനകാര്യപത്രിക (AFS പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം 2015-16 |
|---|---|
| മുന്നിരിപ്പ് | 43261345 |
| വരവ് | 68820434 |
| ആകെ | 112081779 |
| ചെലവ് | 85073214 |
| നീക്കിയിരിപ്പ് | 27008565 |

## 1-5 ഫണ്ട് വിനിയോഗം

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് തുക | നീക്കിബാക്കി (ACRപ്രകാരം) | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4126748 | 8993007 | (+)11963017 | 25082772 | 10564610 | 14518162 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 7442073 | 9409073 | (-)7442073 | 9409073 | 2017030 | 7392043 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1042773 | 4722000 | 0 | 5764773 | 1535284 | 4229489 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1227744 | 2946000 | 0 | 4173744 | 2362264 | 1811480 | 0 |
| ധനകാര്യ കമ്മീഷൻ | 336979 | 5827749 | (-)2125029 | 4039699 | 4039699 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| അവാർഡ് | | | | | | | |
| ലോക ബാങ്ക് സഹായം | 3101643 | 2395915 | (-)2395915 | 3101643 | 3063972 | 37671 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 125 | 51324819 | 71 | 26730607 | 8 | 46 | 56.8 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന / കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3454957 | 2535882 | (-)919075 | (-)26.6 |
| നികുതിയേതര വരവുകൾ | 550395 | 352038 | (-)198357 | (-)36.03 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 8688909 | 9204251 | (+)515342 | (+)5.93 |
| ആകെ | 12694261 | 12092171 | (-)602090 | (-)4.74 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49680 | 42 |
| കർഷകതൊഴിലാളി വേതനം | 1490040 | 176 |
| വിധവാപെൻഷൻ | 12120040 | 1254 |
| വാർദ്ധക്യകാലപെൻഷൻ | 8933580 | 1347 |
| വികലാംഗപെൻഷൻ | 3373920 | 339 |
| വിവാഹ ധനസഹായം | 230000 | 18 |
| 50 വയസ്സിനു മുകളിൽ.....സഹായം | 266480 | 29 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-12-2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ ₹ 25127 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പ്രത്യേക അഭിപ്രായമില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/11/2016 | 10/16 | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 23/07/10 -03/08/10 | 2004-05 to 2009-10 | 30/06/2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങൾ റെഗുലറൈസേഷൻ ഫീസ് കുറച്ച് ഈടാക്കിയതിനാൽ വരുമാന നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരം കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് രാജിയാക്കൽ ഫീസായി ഒടുക്കേണ്ട തുകയും തുക ഒടുക്കേണ്ട കാലാവധിയും വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്. ക്രമവൽക്കരിക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസിനു പുറമെ പെർമിറ്റ് ഫീസിന്റെ ഇരട്ടി ഫീസ് രാജിയാക്കൽ തുകയായും ഈടാക്കേണ്ടതാണ്. ആയതിനാൽ കാറ്റഗറി 2ൽ ഉൾപ്പെട്ട ഒഴൂർ ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിനുള്ളവയ്ക്ക് ച.മീ ന് 3 രൂപയും അല്ലാത്തവയ്ക്ക് 5 രൂപയുമാണ് ബാധകമായ തുക പെർമിറ്റ് ഫീസ് . ക്രമവത്കരണത്തിന് ഈടാക്കിയ ഫീസിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ.നം | പേര് | തരം | വിസ്തീർണ്ണം ച.മീ | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ബീരാൻ കുട്ടി | റസി | 189.12 | 1135 | 1702.08 | 567.08 | |
| 2 | മുജീബ് | റസി | 182.29 | 1094 | 1640.61 | 546.61 | |
| 3 | ബഷീർ | റസി | 135.57 | 814 | 1220.13 | 406.13 | |
| 4 | അബ്ദുറഹ്മാൻ | റസി | 271.01 | 1627 | 2439.09 | 812.09 | |
| 5 | ഷംസുദീൻ | റസി | 173.69 | 1043 | 1563.21 | 520.21 | |
| 6 | മൻസൂർ | റസി | 230 | 1380 | 2070 | 690 | |
| 7 | മാധവിക്കുട്ടി | റസി | 154.93 | 930 | 1394.37 | 464.37 | |
| 8 | സലാമു | റസി | 184.63 | 1108 | 1661.67 | 553.67 | |
| 9 | സൈതലവിക്കുട്ടി | റസി | 215.95 | 1656 | 1943.55 | 287.55 | |
| 10 | വള്ളി | റസി | 105.51 | 634 | 949.59 | 315.59 | |
| 11 | ശശികുമാർ | റസി | 167.57 | 1006 | 1508.13 | 502.13 | |
| 12 | മമ്മാത്തുമ്മ | വാണി | 29.78 | 298 | 446.7 | 148.7 | |
| 13 | മുഹമ്മദാജി | റസി | 115.21 | 692 | 1036.89 | 344.89 | |
| 14 | അബ്ദുൾ ബഷീർ | റസി | 208.97 | 1254 | 1880.73 | 626.73 | |
| 15 | അസൈൻ | റസി | 126.69 | 761 | 1140.21 | 379.21 | |
| 16 | ബീരാൻകുട്ടി | വാണി | 106.76 | 1068 | 1601.4 | 533.4 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 17 | മുഹമ്മദ്കുട്ടി | റസി | 126.37 | 759 | 1137.33 | 378.33 | |
| 18 | ജമീല | റസി | 130.27 | 782 | 1172.43 | 390.43 | |
| 19 | ജാഫർ | റസി | 211.77 | 3 | 1270.62 | 1267.62 | പെർമിറ്റ് എടുത്തു |
| 20 | മരക്കാർ | വാണി | 113.5 | 1135 | 1702.5 | 567.5 | |
| 21 | മുഹമ്മദ് അക്ബർ | വാണി | 53 | 530 | 795 | 265 | |
| 22 | കുഞ്ഞീമ | വാണി | 172.76 | 0 | 1727.6 | 1727.6 | പെർമിറ്റ് എടുത്തു |
| 23 | ഷാഫി | റസി | 252.48 | 1515 | 2272.32 | 757.32 | |
| 24 | സെയ്തലവി | വാണി | 252.19 | 0 | 3782.85 | 3782.85 | |
| 25 | രായുഹാജി | റസി | 210 | 1260 | 1890 | 630 | |
| 26 | നബീസു | റസി | 147.35 | 885 | 1326.15 | 441.15 | |
| 27 | സമീർ | റസി | 234.88 | 1410 | 2113.92 | 703.92 | |
| 28 | കുഞ്ഞുമൊയ്തീൻ | റസി | 216.45 | 1299 | 1948.05 | 649.05 | |
| 29 | സുലൈമാൻ | റസി | 107 | 642 | 963 | 321 | |
| 30 | അഷറഫ് | റസി | 115.36 | 693 | 1038.24 | 345.24 | |
| 31 | സെയ്തലവി | റസി | 157.5 | 945 | 1417.5 | 472.5 | |
| 32 | സാബിൻ | റസി | 115.84 | 696 | 1042.56 | 346.56 | |
| 33 | കുഞ്ഞിമുഹമ്മദ് | റസി | 204.98 | 1230 | 1844.82 | 614.82 | |
| 34 | നാരായണൻ കുട്ടി | റസി | 11 | 66 | 99 | 33 | |
| 35 | അബ്ദുൾ മജീദ് | റസി | 145.17 | 876 | 1306.53 | 430.53 | |
| 36 | രാമദാസൻ | റസി | 157.31 | 944 | 1415.79 | 471.79 | |
| 37 | ഫൈസൽ | റസി | 210.97 | 1263 | 1898.73 | 635.73 | |
| 38 | അബ്ദുറഹ്മാൻ | റസി | 248.66 | 1492 | 2237.94 | 745.94 | |
| 39 | അബൂബക്കർ കോയ | റസി | 197.41 | 1185 | 1776.69 | 591.69 | |
| 40 | സുമീർ | റസി | 187.92 | 1128 | 1691.28 | 563.28 | |
| 41 | മാമൻ | റസി | 136.8 | 821 | 1231.2 | 410.2 | |
| 42 | മുഹമ്മദ് റാഫി | റസി | 303.30 | 1820 | 2729.7 | 909.7 | |
| 43 | അബ്ദുള്ള | റസി | 11.3 | 73 | 101.7 | 28.7 | |
| 44 | കുഞ്ഞിമുഹമ്മദ് മുസലിയാർ | റസി | 132.47 | 855 | 1192.23 | 337.23 | |
| 45 | അലവിക്കുട്ടി | റസി | 106.41 | 639 | 957.69 | 318.69 | |
| 46 | സലാഹുദ്ദീൻ | റസി | 107.12 | 643 | 964.08 | 321.08 | |
| 47 | സെയ്തുഹാജി | റസി | 211.55 | 1270 | 1903.95 | 633.95 | |
| 48 | ലത്തീഫ് | റസി | 109.1 | 655 | 981.9 | 326.9 | |
| 49 | കുഞ്ഞഹമ്മദ് കുട്ടി | റസി | 126.62 | 760 | 1139.58 | 379.58 | |
| 50 | പ്രദീപ് | റസി | 131.74 | 233 | 1185.66 | 952.66 | |
| 51 | മുനീർ | റസി | 148.72 | 893 | 1338.48 | 445.48 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 52 | ഗംഗാധരൻ | റസി | 126.37 | 759 | 1137.33 | 378.33 | |
| 53 | മോഹൻദാസ് | റസി | 144.85 | 870 | 1303.65 | 433.65 | |
| 54 | മുഹമ്മദ്കുട്ടി ഹാജി | റസി | 210.90 | 1266 | 1898.1 | 632.1 | |
| 55 | റസിയ | റസി | 171.59 | 1030 | 1544.31 | 514.31 | |
| 56 | രാമൻ നായർ | റസി | 172.71 | 1037 | 1554.39 | 517.39 | |
| 57 | സെയ്തലവിഹാജി | റസി | 131.46 | 789 | 1183.14 | 394.14 | |
| 58 | ഷൈനി | റസി | 126.7 | 341 | 1140.3 | 799.3 | |
| 59 | അബ്ദുറഹ്മാൻ | റസി | 131 | 786 | 1179 | 393 | |
| 60 | അമ്മുണ്ണി | റസി | 183.35 | 1101 | 1650.15 | 549.15 | |
| 61 | പാത്തുമ്മ | റസി | 121.99 | 732 | 1097.91 | 365.91 | |
| 62 | മൊയ്തീൻകുട്ടി | റസി | 191.51 | 1067 | 1723.59 | 656.59 | |
| 63 | ഉമൈബ | വാണി | 55.81 | 559 | 837.15 | 278.15 | |
| 64 | ശശിക്കുമാർ | റസി | 141.36 | 849 | 1272.24 | 423.24 | |
| 65 | ഫാത്തിമ | റസി | 143.75 | 863 | 1293.75 | 430.75 | |
| ആകെ | | | | | | 40444.24 | |

കുറവായി ഈടാക്കിയത് പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 11/23-12-2016 ന് നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടം 137(4)ൽ രാജിയാക്കൽ ഫീസിന്റെ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കും എന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയവക്ക് പ്രത്യേകം പെർമിറ്റ് നൽകുന്നതിനോ പെർമിറ്റ് ഫീസ് വാങ്ങുന്നതിനോ ചട്ടത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് വാങ്ങുന്നില്ല എന്ന മറുപടി അംഗീകരിക്കുന്നില്ല. പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന പെർമിറ്റ് ഫീസ് ഈടാക്കാത്തതുമൂലം പഞ്ചായത്ത് ഫണ്ടിനു നഷ്ടമായ 40444/-രൂപ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 റേഷൻ കടകൾക്ക് ഫീസ് ഈടാക്കി ലൈസൻസ് നൽകേണ്ടതാണ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റിന്റെ പ്രാഥമിക അന്വേഷണത്തിൽ പഞ്ചായത്ത് പ്രദേശത്ത് 10 റേഷൻകടകൾ ഉള്ളതായി കാണുന്നു.

| റേഷൻ കടകൾ പ്രവർത്തിക്കുന്ന സ്ഥലം | എണ്ണം |
|---|---|
| പള്ളിപീടിക | 1 |
| പറപ്പാറപ്പുറം | 1 |
| തലകൊട്ടൂർ | 1 |
| മണലിപ്പുഴ | 1 |
| ഒഴൂർ | 1 |

| റേഷൻ കടകൾ പ്രവർത്തിക്കുന്ന സ്ഥലം | എണ്ണം |
|---|---|
| അയ്യായ | 1 |
| വെള്ളച്ചാൽ | 1 |
| എരനെല്ലൂർ | 1 |
| പുൽപ്പറമ്പ് | 1 |
| ചുരങ്ങര | 1 |
| ആകെ | 10 |

ലൈസൻസ് നൽകാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. -14/23.12.16ന് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അടിയന്തിരമായി ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഒഴൂർ ഗ്രാമ പഞ്ചായത്തിലെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കരാറുകാർ വിവിധ മരാമത്ത് ജോലികൾ നിർവഹിച്ചതായി കാണുന്നു.എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി കരാറുകാരിൽ നിന്നും 2015-16 വർഷങ്ങളിൽ തൊഴിൽ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരുടെ പേര് |
|---|---|
| 1 | പുരുഷോത്തമൻ |
| 2 | മുഹമ്മദ് ആസിഫ് |
| 3 | നാരായണൻ |
| 4 | ഷാഹിർ |
| 5 | ശിവരാമൻ |
| 6 | ദാമോദരൻ |
| 7 | പ്രദീപ് കുമാർ |

ഓഡിറ്റ് അന്വേഷണം 13/23-12-2016 പ്രകാരം ടി കരാറുകാരിൽ നിന്നും 2015-16 വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയില്ല എന്ന വിവരം ലഭ്യമാക്കിയതിനാൽ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടാറിംഗ് പ്രവൃത്തികൾ -ടാർ വിലയിനത്തിൽ അധിക തുക നൽകി

ഗ്രാമപഞ്ചായത്തിലെ റോഡ് ടാറിംഗ് പ്രവർത്തികൾDSR 2014 അനിസരിച്ചുള്ള എസ്റ്റിമേറ്റ് പ്രകാരമാണ് നിർവഹിച്ചിട്ടുള്ളത്. ഇത് പ്രകാരം ടാറിൻെറ വില ടണ്ണിന് 50600 രൂപയാണ്.ടാർവില കോസ്റ്റ് ഇൻഡക്സ് (1.3048) ഉൾപ്പെടെ 66023 (50600x1.3048=66023)നൽകിയിട്ടുണ്ട്. ഗുണഭോക്തൃസമിതികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തിൾക്ക് ബിൽ തുക നൽകുമ്പോൾ, എൻജിനീയർമാർ രേഖപ്പെടുത്തുന്ന അളവുകൾ അനുസരിച്ചുള്ള തുകയോ, ഗുണഭോക്തൃസമിതികൾ യഥാർത്ഥത്തിൽ ചെലവഴിച്ചതുകയോ ഏതാണോ കുറവ് അതാണ്

നൽകേണ്ടത്. എന്നാൽ പ്രവൃത്തി മൂല്യം നിർണ്ണയിച്ചപ്പോൾ ടാർവില കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ളതാണ് നൽകിയിട്ടുള്ളത്.(66.023/kg).ഗുണഭോക്തൃസമിതിക്ക് അവർ ഹാജരാക്കുന്ന ബിൽ പ്രകാരമുള്ള തുകക്കാണ് അർഹതയുള്ളത്. പ്രവൃത്തി മൂല്യം ആസ്പദമാക്കി തുക നൽകിയതിനാൽ ചുവടെ ചേർക്കും പ്രകാരം അധികതുക നൽകിയിട്ടുണ്ട്. DSR പ്രകാരം ഓരോ പ്രവർത്തിക്കും ആവശ്യമായ ടാറിൻെറ വിവരം ചുവടെ ചേർക്കുന്നു.

code 16.30.1 providing &applying tack .......@0.75kg/m2=0.75kg/m2

,, 16.32.1 2cm premix carpet......asphalt= 1.8m2x52kg=93.6kg

0.90m2x56kg =50.40kg

total =144kg/100m2

,, 16.41 P/L seal coat over.....complete = 98kg/100m2

| ക്രമ നം. | പ്രവർത്തിയുടെ വിവരം | ഇനം/അളവ് | ആവശ്യമായ ടാർ(kg/$M^2$ ) | DSR പ്രകാരം വില(66.023/k.g) | ഗുണഭോക്തൃ സമിതി മാർക്കറ്റ് വില നൽകിയത് | അധികം |
|---|---|---|---|---|---|---|
| 1 | ചിറക്കൽ പടി കണ്ണലത്ത് റോഡ്(ട0062/16)ബിൽ നം.28/17.2.16-498000<br>അ.പ്യ.നം.329/14-15<br>കൺവീനർ-ഷംസുദ്ദീൻ | 16.30.1-504m2<br>16.32.1-504m2<br>16.41-504m2 | 0.75x504= 378 kg<br>1.44*504=-725.76<br>0.98x504= 493.92 | 24956<br>47915<br>32610 | | |
| ആകെ | | | 1597.68 | 105481 | 58543 | 46938 |
| 2. | ഓണക്കാട്ട് അടിക്കുളം റോഡ് ടാറിംഗ് (ട0055/16)ബിൽ നം.27/17.2.16-35000 0<br>ചെക്ക് നം.4154623/3.3.16-148000<br>അ.പ്യ.നം.328/14-15<br>കൺവീനർ-നാരായണൻ | 16.30.1-645.80m2<br>16.32.1-645.80m2<br>16.41-645.8 m2 | 0.75x645.80= 484.35kg<br>1.44*645.80=929.95 kg<br>0.98x645.80= 632.88 kg | 31978<br>61398<br>41785 | | |
| | ആകെ | | 2047.18 | 135161 | 76106 | 59055 |
| 3 | പറപ്പാത്തിപ്പടി മുത്താംകുളം റോഡ് ടാറിംഗ് (ട0063/16)ബിൽ നം.33/11.3.16-250000<br>അ.പ്യ.നം.339/14-15<br>കൺവീനർ-അലി | 16.30.1-274.05m2<br>16.32.1-274.05m2<br>16.41-274.05m2 | 0.75x274.05m2= 205.54<br>1.44*274.05m2 =394.63<br>0.98x274.05 =268.57 m2 | 13570<br>26055<br>17732 | 34917 | |
| | ആകെ | | 868.74 | 57357 | 34917 | 22440 |
| 4 | പറപ്പാറപ്പുറം ഓവുക്കുളം റോഡ്ടാറിംഗ് | 16.30.1-434.95m2<br>16.32.1-434.95m2 | .0.75*434.95=326.21<br>1.44*434.95=626.33 | 21537 | | |

| | | | | | | |
|---|---|---|---|---|---|---|
| | (ടഠ064/16)ബിൽ നം.34/11.3.16-241451<br>35/11.3.16-150000<br>36/11.3.16-20000<br>കൺവീനർ-ടി.അലവി<br>അ.പു.നം.332/14-15 | 16.41-434.95m2 | 0.98*434.95=426.25 | 41352<br>28142 | | |
| | ആകെ | | 1378.79 | 91031 | 52374 | 38657 |
| 5 | ദേവധാർ ബൈപാസ് റോഡ് ടാറിംഗ് (ടഠ092/16)ബിൽ നം.52/31.3.16-132748<br>54/31.3.16-205643<br>കൺവീനർ -മുസക്കുട്ടി<br>അ.പു.നം.97/13-14 | 16.30.1-499.75m2<br>16.32.1-499.75m2<br>16.41-499.75m2 | 0.75*499.75=374.81<br>1.44*499.75=719.64<br>.0.98*499.75=489.75 | 24746<br>47513<br>32335 | 52323 | |
| | ആകെ | | 1584.20 | 104594 | 52323 | 52271 |
| 6. | പുൽപ്പറമ്പ് തയ്യാട്ടത്താഴം റോഡ് ടാറിംഗ് (ടഠ057/16)ബിൽ നം.26/17.2.16-250000<br>31/27.2.16-150000<br>കൺവീനർ സുലൈമാൻ<br>അ.പു.നം.330/14-16 | 16.30.1-441m2<br>16.32.1-441m2<br>16.41-441m2 | 0.75*441=330.75<br>1.44*441=635.04<br>.98*441=432.18 | 21837<br>41927<br>28534 | 58543 | |
| | | | 1397.97 | 92298 | 58543 | 33755 |

ഒട്ടാകെ 253116 ആകെ അധികം – 2,53,116/-

ഗുണഭോക്തൃസമിതിയുടെ ചെലവ് കണക്കുകൾ പരിശോധിക്കാതെ തുക നൽകിയതുമൂലം 253116 രൂപ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇപ്രകാരം നഷ്ടമുണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 കതിർകുളങ്ങര-എരനെല്ലൂർ റോഡ് ടാറിംഗ്-കൺവീനർക്ക് അധികതുക നൽകി

പ്രൊജക്ട് നം -ടഠ093/16

അളവുപുസ്തകം നം.--364/14-15

ബിൽ നം.55/16 /31.3.16-367252 ചെക്ക് നം.462736/15.10.16-45000

ചെക്ക് നം.462737/15.10.16-45000 ചെക്ക് നം.462738/15.10.16-40748

കൺവീനർ-ശ്രീ. രാധാകൃഷ്ണപിള്ള

ടി പ്രവൃത്തിക്കായി സിഡ്കൊയിൽ നിന്ന് 16173/26.3.16 -ാം നം. ബിൽ പ്രകാരം 11 ബാരൽ (161.8kg/ബാരൽ) ടാർ 57698 രൂപക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃസമിതിയുടെ വരവ് -ചെലവ് കണക്കുകളിൽ 154728 രൂപയാണ് ടാർ വില യായി ചേർത്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃസമിതിയുടെ കണക്ക് പ്രകാരം ചെലവ്

മെറ്റീരിയലുകൾ- 178550

റോളർ,ബോയ്ലർ,ബിറ്റുമെൻ മിക്സർ സ്പ്രേയർ - 24000

ലേബർ - 127944

ടാർ - 154728

ആകെ - 485222

യഥാർത്ഥ ടാർബിൽ ഉൾപ്പെടുത്തിയാൽ ചെലവ്

മെറ്റീരിയലുകൾ- 178550

റോളർ,ബോയ്ലർ,ബിറ്റുമെൻ മിക്സർ സ്പ്രേയർ - 24000

ലേബർ - 1 27944

ടാർ - 57698

ആകെ - 388192

കൺവീനർക്ക് തുക നൽകിയതിന്റെ വിവരം

ആകെ പ്രവർത്തിമൂല്യം ടാക്സ് ഒഴികെ- 469811

കൂട്ടുക 23491(വാറ്റ്)

4698(നി.തൊ.ക്ഷേമ.വിഹിതം)

ആകെ 498000

കുറക്കുക 23491(വാറ്റ്)

4698(നി.തൊ.ക്ഷേമ.വിഹിതം)

9396(ആദായനികുതി)

ആകെ 460415

ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് ബിൽ തുക നൽകുമ്പോൾ മൂല്യനിർണ്ണയത്തുക അനുസരിച്ചുള്ള തുകയോ, ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവഴിച്ചതുകയോ , ഏതാണോ കുറവ് അതാണ് നൽകേണ്ടത്.എന്നാൽ ഗുണഭോക്തൃസമിതിയുടെ കണക്കുകൾ പരിശോധിക്കാതെ മൂല്യനിർണ്ണയത്തുക നൽകുകയാണ് ചെയ്തത്. തൻമൂലം 72223 രൂപ( 460415-388192) കണവീനർക്ക് അധികം നൽകിയിട്ടുണ്ട്.വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/22.12.16 ന് രണ്ട് പഞ്ചായത്തിന്റെ ചാർജ്ജുള്ളതിനാലും പ്രവർത്തികളുടെ ബാഹുല്യവും സ്റ്റാഫിന്റെ കുറവും കാരണം ഫയൽ വർക്കുകളുടെ പരിശോധനക്ക് വേണ്ടത്ര സമയം ലഭിച്ചിരുന്നില്ല എന്നും ആ കാരണത്താലാണ് അപാകത ശ്രദ്ധയിൽ പെടാതിരുന്നതെന്നുമാണ് മറുപടി ഹാജരാക്കിയിട്ടുള്ളത്.

കൂടാതെ വാറ്റ് (388192x5%)19410, kcwwf-(388192x1%)3882 ഒടുക്കുന്നതിന് പകരം യഥാക്രമം 23491,4698 രൂപയും ഒടുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ യഥാക്രമം 4081 രൂപയും,816 രൂപയും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടമായ 77120(72223+4081+816)രൂപ കൺവീനറിൽ നിന്നോ, നിർവഹണഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.(കൺവീനറിൽ നിന്ന് ആദായനികുതിയും അധികം ഈടാക്കിയിട്ടുണ്ട്.)

## 3-3 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ,സാങ്കേതിക നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിൽ വീഴ്ച വരുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചില്ല.

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല. ആസ്തികളുടെ രേഖകൾ അപൂർണ്ണമാണെന്നും, പൂർണ്ണമായി ലഭ്യമാകുന്ന മുറക്കേ അപ്ഡേഷൻ സാദ്ധ്യമാകൂ എന്നുമാണ് ഓഡിറ്റ് എൻക്വയറി നം.15 ന് മറുപടി ഹാജരാക്കിയത്.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലുംപൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2.പ്രവർത്തി സംബന്ധിച്ച് ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാരത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്റ്ററുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശ ഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നതിൽ അപാകത

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാനാണ് പൊതുമരാമത്ത് ചട്ടങ്ങളിൽ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തേണ്ടതും യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്

## 3-4 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

കുടുംബശ്രീ സംവിധാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതികളുടെ പുനരധിവാസം ലക്ഷ്യമാക്കിയുള്ള ആശ്രയ പദ്ധതി തയ്യാറാക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി അയൽക്കൂട്ടങ്ങൾ കണ്ടെത്തുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭക്ഷണം, ആരോഗ്യ സുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടുന്നതാവണം പരിചരണ സേവനങ്ങളുടെ പാക്കേജെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്.

ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ അഗതികളായി കണ്ടെത്തിയ കുടുംബങ്ങളുടെ പുനരധിവാസത്തിനായി പ്രോജക്റ്റ്(2014-17) തയ്യാറാക്കുകയുണ്ടായി. ഇതു പ്രകാരം ഓരോ ഇനത്തിലും കൈവരിച്ച ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഒന്നാം ഘട്ട പ്രോജക്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കൾ | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ |
|---|---|---|
| സ്ഥലം വാങ്ങൽ | 4 | 0 |
| ഭവനനിർമ്മാണം | 7 | 2 |
| വീട് റിപ്പയർ | 18 | 3 |
| കക്കൂസ് | 18 | 0 |
| കുടിവെള്ളം | 23 | 14 |
| വൈദ്യുതി | ---- | ----- |
| ആകെ | 47 | 19 |

ആശ്രയയുടെ ബാങ്ക് അക്കൌണ്ടിൽ 196030 രൂപ (7.11.16ൽ) നീക്കിയിരിപ്പുണ്ട്.

മേൽ കണക്കുകൾ പരിശോധിച്ചാൽ, അടിസ്ഥന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ പലർക്കും ആശ്രയയിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ലെന്ന് വ്യക്തമാണ്,.

ആശ്രയ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനായി ഒരു ഉപസമിതി രൂപീകരികരിച്ചിട്ടുണ്ട്. ഉപസമിതി കൃത്യമായി യോഗം ചേരുന്നില്ല എന്ന് മിനിട്ട്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. 27.2.15 യോഗം ചേർന്നതിനുശേഷം അടുത്തയോഗം ചേർന്നിട്ടുള്ളത് 13.1.16 ൽ മാത്രമാണ്. പിന്നീട് നാളിതുവരെ ഉപസമിതി യോഗം ചേർന്നിട്ടില്ല. വിലയിരുത്തൽ റിപ്പോർട്ട് യഥാസമയം ലഭിക്കാത്തത് പദ്ധതി നടത്തിപ്പ് ഫലപ്രദമാകാതിരുന്നതിന് കാരണമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിയിൽ പണം ഉണ്ടായിരിക്കെ ആവശ്യങ്ങൾ പരിഹരിക്കപ്പെടാത്തവർ പഞ്ചായത്തിൽ ഉണ്ടായിരിക്കുന്നത് തികഞ്ഞ അനാസ്ഥയാണ്.

ആശ്രയ പദ്ധതി പൂർണ്ണ തോതിൽ ലക്ഷ്യം നേടുന്നതിന് ഫലപ്രദമായ കൂടുതൽ നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു.ഈ വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊണ്ട് ആശ്രയഗുണഭോക്താക്ക്ൾക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യം ഒരുക്കിക്കൊടുത്ത് അവരെ സമൂഹത്തിൻെറ മുൻനിരയിലെത്തിക്കാൻ വേണ്ട ശ്രമങ്ങൾ ഗ്രാമപഞ്ചായത്തിൻെറ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതുണ്ട്. പരിഹാരനടപടികൾ കൈക്കൊള്ളുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ഭവന നിർമ്മാണം-പണി പൂർത്തികരിച്ചിട്ടില്ല.

പ്രോജക്റ്റ് നം.ട0003/16

നിർവ്വഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ

| | | |
|---|---|---|
| അടങ്കൽ തുക | : | ₹36,00,000/- (വികസന ഫണ്ട്) |
| ചെലവഴിച്ചത് | | -₹19,10,000/- |

താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തുക |
|---|---|---|
| 1 | ശാന്ത വടക്കൻ | 60,000 |
| 2 | ഹനീഫ കാലിയിൽ | 1,40,000 |
| 3 | ജമീല മുക്കട്ടിൽ | 1,40,000 |
| 4 | ഹംസ മേപ്പറമ്പത്ത് | 1,40,000 |
| 5 | അയിശ്ശമ്മു അച്ചിക്കാട്ട് | 60,000 |
| 6 | സെക്കീന കോതക്കാട്ടിൽ | 1,40,000 |
| 7 | ഷാജികൈതകാട്ടിൽ | 1,40,000 |
| 8 | കോയസ്സൻ കടുവക്കമ്പേരി | 1,40,000 |
| 9 | കുഞ്ഞിപോക്കൻ,പീടികപറമ്പൻ | 60,000 |
| 10 | ഗിരിജ, എളയാട്ട് | 60,000 |
| 11 | ചിന്നൻതലാപ്പിൽ | 1,40,000 |
| 12 | ഉണ്ണിക്കൃഷ്ണൻമുളമുക്കിൽ | 1,40,000 |
| 13 | അബ്ദുറഹിമാൻ,വരിക്കോട്ടിൽ | 1,30,000 |

മേല്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിര്മ്മാണം പൂർത്തികരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 അനുപൂരക പോഷകാഹാര പദ്ധതി - ഭക്ഷണ സാധനങ്ങൾ വാങ്ങിയതിൽ ക്രമക്കേട്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്റ്റ് നം. 1/16 - അനുപൂരക പോഷകാഹാര പദ്ധതി മുഖേന ഗ്രാമ പഞ്ചായത്തിലെ 28 അംഗൻവാടികളിലൂടെ പോഷകാഹാരം വിതരണം ചെയ്യുന്നതിന് തിരൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി, തലക്കടത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഭക്ഷണ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

അംഗൻവാടികൾ മുഖേന നടപ്പാക്കുന്ന പോഷകാഹാര പ്രോജക്ടുകൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ്, റേഷൻ കടകൾ, കുടുംബശ്രീ യൂണിറ്റുകൾ, നീതി / സഹകരണ സ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിന് സർക്കുലർ നം. 31956/2008 /ഡി.ബി.2/ തസ്വഭവ തിയതി : 14.05.2008, സർക്കുലർ നം. 62393/ഡി.ബി.2/10/തസ്വഭവ തിയതി : 18.11.2010 എന്നിവ മുഖേന അനുമതി നൽകിയിട്ടുണ്ട്. എന്നാൽ, സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ

ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി / സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർമാർക്കറ്റിൽ നിന്നോ ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ പാടുള്ളൂ എന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും സർക്കുലർ നം. 54814/ഡി.സി.2/2010/തസ്വഭവ തിയതി: 04.05.2011 മുഖേന നിർദ്ദേശം നൽകിയിരുന്നു.

തുടർന്ന്, സാമൂഹ്യ ക്ഷേമ ഡയറക്ടർ 12.07.2011 ന് പുറപ്പെടുവിച്ച ICDS/ബി 3- 6136/11 നം. സർക്കുലറിൽ, അംഗൻവാടികൾക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ നിന്നാണ് വാങ്ങേണ്ടതെന്നും സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെയും ഗുണനിലവാരം തൃപ്തികരമായും ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി / സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർമാർക്കറ്റിൽ നിന്നോ വാങ്ങാൻ പാടുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ, ഈ നിർദ്ദേശങ്ങളൊന്നും പ്രോജക്ട് നിർവഹണത്തിൽ പാലിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മവേലി സ്റ്റോർ മുഖേന ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാൻ ശ്രമിക്കാതെയാണ്, സർക്കാർ നിർദ്ദേശം മറികടന്ന്, തിരൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി, തലക്കടത്തൂർ നിന്ന് ഭക്ഷണ സാധനങ്ങൾ വാങ്ങിയത്. ഇതിന് പഞ്ചായത്ത് തീരുമാനമെടുത്തതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

തിരൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി, തലക്കടത്തൂർ നിന്ന് ഭക്ഷണ സാധനങ്ങൾ വാങ്ങിയതിന്റെയും പണം നൽകിയതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തിയതി | തുക | ഡി.ഡി. നം./തിയതി |
|---|---|---|---|
| 1 | 62/21-05-15 | 1,22,082/- (1,550 രൂപ ട്രാൻസ്പോർട്ടേഷൻഉൾപ്പെടെ) | 416030/13-07-15 |
| 2 | 71/14-08-15 | 1,32,547/- (1,260 രൂപ ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ) | 418647/03-10-15 |
| 3 | 83/24-11-15 | 3,01,994/- (3,595 രൂപ ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ) | 187436/27-01-16 |
| ആകെ | | 5,56,623/- | |

സപ്ലൈകോ വിലയുമായി താരതമ്യം ചെയ്യുമ്പോൾ, താഴെ പറയുന്ന ഇനങ്ങൾക്ക് ബാങ്ക് അധികവില ഈടാക്കിയതായി കാണുന്നു.

| ബിൽ നം./ തിയതി | ഇനം | വില | തൂക്കം | നൽകിയ തുക | സപ്ലൈകോ വില | തുക | അധികം ഈടാക്കിയത് |
|---|---|---|---|---|---|---|---|
| 62/21-05-15 | കുറുവഅരി | 32 | 1450Kg | 46,400 | 26.50 | 38,425 | 7,975 |
| " | ചെറുപയർ | 107 | 310 Kg | 33,170 | 97 | 30,070 | 3,100 |
| 71/14-08-15 | വെളിച്ചണ്ണ | 148 | 140 Kg | 20,720 | 117.60 | 16,464 | 4,256 |
| " | ചെറുപയർ | 107 | 280 Kg | 30,260(നികുതി 300രൂപഉൾപ്പെടെ) | 80 | 22,400 | 7,860 |
| 83/24-11-15 | വെളിച്ചണ്ണ | 130 | 185 Kg | 24,050 | 125.40 | 23,199 | 851 |
| ആകെ | | | | | | | 24,042 |

24,042രൂപയുടെ നഷ്ടമാണ് ഇതുമൂലം ഗ്രാമ പഞ്ചായത്തിനുണ്ടായത്. മതിയായ ഗുണനിലവാര പരിശോധന നടത്താതെയും വില നിലവാരം സപ്ലൈകോയുമായി താരതമ്യം ചെയ്യാതെയും ഈ സ്ഥാപനത്തിൽ നിന്ന് ഭക്ഷ്യസാധനങ്ങൾ വാങ്ങിയതുമൂലമാണ് പ്രസ്തുത നഷ്ടമുണ്ടായത്.

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 4/ 21.12.16) ക്ക് 22/12/16 ന് ലഭ്യമാക്കിയ മറുപടിയിൽ മാവേലി സ്റ്റോറിൽ ഗോഡൌൺ സൌകര്യം ലഭ്യമല്ലാത്തതിനാലാണ് പ്രസതുത ഭക്ഷ്യവസ്തുക്കൾ ടി സ്ഥാപനത്തിൽ നിന്ന് വാങ്ങിയത് എന്ന് അറിയിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. 24,042 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്

## 3-7 മരുന്നുകൾ വിതരണം ചെയ്തിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO07/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ(ആയുർവേദം) |
| അടങ്കൽ തുക<br>ചെലവ് | : | ₹4,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡ് ഇതരം)<br>₹4,00,000/- |
| ബിൽ നമ്പർ | | 3/2015-16 തിയതി 06/10/15<br>തുക 4,00,000/- |

1. ഒഴൂർ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിയിലേക്ക് 2015-16 വർഷം 4,00,000/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്ന് വാങ്ങിയിട്ടുണ്ട് (ഡി.ഡി.നമ്പർ 418690 തിയതി 06/10/15). താഴെ പറയുന്ന മരുന്നുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും ഇതുവരെയും മരുന്നുകൾ വിതരണം ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മരുന്നിന്റെ പേര് | തൂക്കം | തുക | ഇൻവോയിസ് നം./ തിയതി |
|---|---|---|---|---|
| 1 | സപ്തസാരകഷായചൂർണ്ണം | 1 kg x35 | 4,690 | 237930/09/15 |
| 2 | കുമാരിയാസവം | 450 g x71 | 3,408 | 269131/01/16 |
| 3 | അസനവില്ല്യാതി വെളിച്ചണ്ണ | 450 ml x 48 | 7,056 | 237930/09/15 |
| 4 | സുകുമാര കഷായം | 200 ml x 72 | 4,464 | 237930/09/15 |
| 5 | അമൃതപാശം | 500 g x 90 | 15,750 | 237930/09/15 |
| 6 | പൂതികാസവം | 450 ml x 72 | 2,808 | 237930/09/15 |

| | | | | |
|---|---|---|---|---|
| 7 | ധനധനയനാതി കഷായം | 200 ml x 48 | 3,456 | 303930/11/15 |
| 8 | കൊട്ടൻചുക്കാതി ചൂർണ്ണം | 200 g x 121 | 6,413 | 46931/01/16 |
| | ആകെ | | 48,045 | |

മേൽ അപാകത ഓഡിറ്റ് എൻക്വയറി നം.5 തിയതി 21/12/16 പ്രകാരം രേഖാമൂലം അറിയിച്ചിട്ടുണ്ട്. 22/12/16 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിലെ ഫാർമിസിസ്റ്റ് അവധിയിൽ ആയതിനാൽ ആണ് ഔഷധങ്ങൾ വിതരണം ചെയ്യാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം മരുന്നുകൾ സ്റ്റോക്കിൽ ഉള്ളതായി കാണുന്നു. എന്നിട്ടും ഓരോ വർഷവും ലക്ഷകണക്കിന് രൂപയുടെ മരുന്നുകൾ വാങ്ങുകയും ചെയ്യുന്നു. ആവശ്യകത കൃത്യമായി മനസ്സിലാക്കാതെ മരുന്നുകൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്ന പ്രവണത ആവർത്തിക്കാതിരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയും, നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 3-8 <u>വൗച്ചർ ഹാജരാക്കിയിട്ടില്ല.</u>

| | | |
|---|---|---|
| പ്രോജക്ട്നം.പേര് | : | S0013/16-പി.എച്ച്.സി. വാഹനത്തിന് ഡീസൽ, മെയിന്റനൻസ്, ഇൻഷ്വറൻസ് ചെലവ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽഓഫീസർ (PHC) |
| അടങ്കൽ തുക<br>ചെലവ് | : | ₹1,00,000/-(തനത്ഫണ്ട്)<br>:40,366/-(ഐ.കെ.എം.പത്രിക പ്രകാരം) |
| | | |

പി.എസ്.സി.വാഹനത്തിന് ഡീസൽ ചിലവ്, മെയിന്റനൻസ് ചിലവ്, ഇൻഷുറൻസ് എന്നിവക്ക് വേണ്ടി താഴെ പറയും പ്രകാരം ചിലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം. | ട്രഷറിചെക്ക് നം. | തിയതി | തുക |
|---|---|---|---|
| 1 | 1000404 | 22/09/15 | 5,384/- |
| 2 | 1000408 | 29/10/15 | 4,344/- |
| 3 | 1000420 | 04/02/16 | 30,506/-<br>(ചിലവ് തുക - 5,480/-) |
| 4 | 4154622 | 03/03/16 | 6,802/- |
| 5 | 4154626 | 18/03/16 | 11,129/- |
| 6 | 4154631 | 30/03/16 | 8,400/- |
| ആകെ | | | 41,539/- |

പി.എച്ച്.സി.ക്ക് വാഹനത്തിന്റെ ചെലവുകൾക്ക് ഉൾപ്പെടെയുള്ള മേൽപ്പറഞ്ഞ തുകയുടെ (66565/-) ചെലവു രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുക 66,565/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 പി. എച്ച.സി മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO011/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | മെഡിക്കൽഓഫീസർ (PHC) |
| അടങ്കൽ തുക | : | ₹2,00,000/-(മെയിൻറൻസ് റോഡിതരം) |
| ചെലവഴിച്ചത് | | ₹2,00,000/- |

ബിൽ നം.02/15-16: തീയതി:30.3.2016:2,00,000/-

ഒഴൂർ ഗ്രാമപഞ്ചായത്തിൽ പി എച്ച.സി ക്ക് മരുന്ന വാങ്ങൽ പ്രോജക്ടിൽ കേരള മെഡിക്കൽസർവ്വീസസ് കോർപ്പറേഷൻ ലി. എന്ന സ്ഥാപനത്തിൽ നിന്നും 2,00,000/-രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. (ഡിഡി നം.191504 തീയതി;30.3.2016:2,00,000/-) എന്നാൽ മരുന്നുകൾ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല.

പ്രസ്തുത അപാകത ഓഡിററ് എൻക്വയറിനം.06/21.12.2016 പ്രകാരം അറിയിച്ചിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 2,00,000/- രൂപ ഓഡിററിൽ തടസ്സം ചെയ്യുന്ന

## 3-10 പരിരക്ഷ - ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO010/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | മെഡിക്കൽഓഫീസർ (PHC) |
| അടങ്കൽ തുക | : | ₹3,65,000/- (വികസനഫണ്ട്) |
| ചെലവഴിച്ചത് | : | -₹3,46,333/- (വികസനഫണ്ട്) |

പരിരക്ഷ-അവശരും നിരാലംബരുമായ രോഗികൾക്ക് ചികിത്സ എന്ന പ്രോജക്ടിൽ ചെലവുനടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സർക്കാർ ഉത്തരവ്നം.177/2006.ധനം തീയതി12.4.2016 പ്രകാരം 1000 രൂപയിൽ കൂടുതലുള്ള തുക ഡി.ഡി യായിട്ടാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ 2015-16 വർഷത്തെ എല്ലാ പ്രോജക്ടുകളിലെയും ചെലവുതുക നേരിട്ട് ക്യാഷായിട്ടാണ് വിതരണം ചെയ്തിട്ടുള്ളത്.

2.ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

ഹോം കെയർ ദിനങ്ങളിൽ സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണച്ചെലവിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം | ബിൽ നം.തിയതി,തുക | ചെലവുതുക |
|---|---|---|
| 1. | 01/15-16.29.1.2016:1,16,750/- | 25,600/- |
| 2. | 04/15-16;22.3.2016:27,738/- | 2880/- |
| 3. | 05/15-16:30.3.2016:51,845/- | 5580 |
| | ആകെ | 34,060/- |

മേല്പറഞ്ഞ ചെലവുകളുടെ ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. സർക്കാർ ഉത്തരവ് നം ജി.ഒ(ആർ.ടി)3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 പ്രകാരം ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക(പരമാവധി 3പേർക്ക്) ഭക്ഷണച്ചെലവ് ഒരാൾക്ക് പരമാവധി60/-രൂപ പ്രോജക്ടിൽ വകയിരുത്താവുന്നതാണ്. എന്നാൽ ടി പ്രോജക്ടിൽ 01.11.2015മുതൽ 30.3.2016 വരെ ഭക്ഷണച്ചെലവ് 180/-രൂപയിൽ അധികരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

പ്രസ്തുത അപാകത ഓഡിററ് എൻക്വയറി നം08/22.12.2016 പ്രകാരം അറിയിച്ചിട്ടുണ്ട്. 23.12.2016ന് ലഭ്യമാക്കിയ മറുപടിയിൽ ആവശ്യപ്പെടുന്ന സമയത്ത് അപാകതകൾ പരിഹരിച്ച് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക34,060/- ഓഡിററിൽ തടസ്സം ചെയ്യുന്നു.

## 3-11 പരിരക്ഷ-മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO010/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | മെഡിക്കൽഓഫീസർ (PHC) |
| അടങ്കൽ തുക | : | ₹3,65,000/- (വികസന ഫണ്ട്) |
| ചെലവഴിച്ചത് | | -₹3,46,333/- |

ബിൽ നം.02/15-16: തീയതി:22.3.2016:1,50,000/-

ഒഴൂർ ഗ്രാമപഞ്ചായത്തിൽ പരിരക്ഷ പ്രോജക്ടിൽ കേരള മെഡിക്കൽസർവ്വീസസ് കോർപ്പറേഷൻ ലി. എന്ന സ്ഥാപനത്തിൽ നിന്നും 1,50,000/-രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. (ഡിഡി നം.191505 തീയതി;30.3.2016:1,50,000/-) എന്നാൽ മരുന്നുകൾ ലഭിച്ചതിൻറെ വിവരം ലഭ്യമല്ല.

പ്രസ്തുത അപാകത ഓഡിററ് എൻക്വയറിനം.06/21.12.2016 പ്രകാരം അറിയിച്ചിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 1,50,000/- രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു.

## 3-12 THRs ഭക്ഷ്യ മിശ്രിതം ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO001/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | ICDSസൂപ്പർവൈസർ |
| അടങ്കൽ തുക<br>ആകെ | :<br>:<br>: | ₹13,00,000/-(വികസന ഫണ്ട്)<br>₹17,00,000/-(കേന്ദ്രാവിഷ്കൃതഫണ്ട്)<br>₹30,00,000/- |
| ചെലവഴിച്ചത് | : | ₹13,00,000/- (വികസന ഫണ്ട്)<br>₹8,66,099/- (കേന്ദ്രാവിഷ്കൃതഫണ്ട്)<br>₹21,66,099/- |

ഒഴൂർ പഞ്ചായത്തിലെ അംഗനവാടികളിലേക്ക് വിതരണം ചെയ്യുന്നതിനായി പ്രിയം ന്യൂട്രിമിക്സ് യൂണിററ്, ചുരങ്ങര ഓട്ടൂർ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ & തീയ്യതി | തൂക്കം | തുക-ട്രാൻസ്പോർട്ടഷൻ ചാർജ്ജ് ഉൾപ്പെടെ |
|---|---|---|
| 464/30.4.2015- | 1760കി.ഗ്രാം | ₹99,440/- |
| 466/30.5.15 | 1760കി.ഗ്രാം | ₹99,440/- |
| 468/30.06.15 | 1740കി.ഗ്രാം | ₹98,310/- |
| 473/08.10.2015- | 1640കി.ഗ്രാം | ₹92,660/- |
| 476/28.11.2015 | 1860കി.ഗ്രാം | ₹1,05,090/- |
| 478/31.12.2015 | 1870കി.ഗ്രാം | ₹1,05,655/- |
| 480/29.1.2016 | 1870കി.ഗ്രാം | ₹1,05,655/- |
| 482/29.2.2016 | 1710കി.ഗ്രാം | ₹96,615/- |
| 483/29.3.2016 | 1710കി.ഗ്രാം | ₹96,615/- |

| | | |
|---|---|---|
| | ആകെ | ₹8,99,480/- |

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ്. ബി.3-312/2010 തീയ്യതി 05/06/2010, 01/02/2010 തീയ്യതികളിലെ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രി മിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ മുകളിൽ പറഞ്ഞ പ്രിയം ന്യൂട്രി മിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

മേൽ അപാകത ഓഡിറ്റ് എൻക്വയറി (02/20.12.2016) പ്രകാരം അറിയിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ 14.12.2016ന് ലഭ്യമാക്കിയ മറുപടിയിൽ ലാബ് റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ടി റിപ്പോർട്ട് ഹാജരാക്കുന്നതുവരെ ചെലവുതുക ₹8,99,480/- ഓഡിററിൽ തടസ്സം ചെയ്യുന്നു.

## 3-13 അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത

ഒഴൂർ ഗ്രാമപഞ്ചായത്തിൽ ആകെ 28 അംഗൻവാടികളാണ് ഉള്ളത്. ആയതിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത് 13 എണ്ണത്തിന് മാത്രമാണ്. വാടക കെട്ടിടത്തിൽ 13 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്യാസ്, കുടിവെള്ളം എന്നീ സൗകര്യങ്ങളുള്ള അംഗൻവാടികളുടെ എണ്ണം യഥാക്രമം 23, 3 (പൈപ്പ് കണക്ഷൻ 2) എന്നിങ്ങനെയാണ്.3 അംഗനവാടിയിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്. ചുറ്റുമതിലുള്ള അംഗൻവാടികൾ 9 എണ്ണം മാത്രമാണ്. ഒരു അംഗൻവാടിയിലും ബേബി ഫ്രണ്ട്ലി ടോയിലറ്റ് ഇല്ല.

ഗവൺമെന്റ് സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22/03/2011 പ്രകാരം വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ സന്ദർശിക്കേണ്ടതും. പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2015-16 വർഷത്തിൽ പഞ്ചായത്തിലെ അംഗൻവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല.

ആയതിനാൽ അംഗൻവാടികളുടെ ഭൗതിക സൌകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാ.പ.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള പ്രൊജക്ടുകളുടെ പൂർത്തീകരണ വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| തുക | പ്രൊജക്ട് | ഫണ്ട് | വൗച്ചർനമ്പർ/തീ |
|---|---|---|---|
| 6,80,000 | IAY(GI)അധിക ധനസഹായം,SO 2/16 | Plan(GI) | 21500181/13-7-15 |
| 13,50,000 | -ടി- ,SO141/16 | -ടി- | 21500709/31-3-16 |
| 6,30,000 | -ടി- (SC),SO142/16 | Plan(SCP) | 21500710/31-3-16 |
| 10,000 | Performance Unit-ന് ധനസഹായം | തനത് ഫണ്ട് | 21500310/1-10-15 |
| ആകെ = 26,60,000രൂപ | | | |

ചെലവ് തുക തടസ്സം ചെയ്യുന്ന

## 3-15 മീഡിയാശ്രീ - തുക മുൻകൂറായി നൽകി എങ്കിലുംഡോക്യുമെന്ററി നാളിതുവരെ പൂർത്തീകരിച്ചില്ല

പ്രൊജക്ട് : "മീഡിയാശ്രീ"

പ്രൊജക്ട്നമ്പർ : SOO 6/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാ.പ.ന്റെ വിശദ വിവരങ്ങൾ അടങ്ങിയ വീഡിയോ ഡോക്യുമെൻററി തയ്യാറാക്കുന്നതിന് മേൽ പ്രൊജക്ട് പ്രകാരം 65,000 രൂപ കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്.(Try.Bill No. 13/15-16, DD No.187559, തീയതി:29-1-16). ടി

പ്രൊജക്ടുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ഒന്നാം കക്ഷിയും കുടുംബശ്രീയുടെ മലപ്പുറം ജില്ലാ മിഷൻ കോ.ഓർഡിനേറ്റർ രണ്ടാം കക്ഷിയുമായി 28-9-15 ന് ഒപ്പു വെച്ച കരാറിലെ (No.16/15-16)രണ്ടാം വ്യവസ്ഥ പ്രകാരംമുൻകൂർ തുക ലഭിച്ചു കഴിഞ്ഞ് 60 ദിവസത്തിനകംസ്ഥാപനത്തെക്കുറിച്ചുള്ള ഡോക്യുമെൻററിയുടെ 10 പകർപ്പുകൾ ഒന്നാം കക്ഷിക്ക് കൈമാറാൻ രണ്ടാം കക്ഷിക്ക് ഉത്തരവാദിത്വം ഉണ്ട് എന്നാൽ ആയത് നാളിതുവരെ കൈമാറിയിട്ടില്ല. പ്രസ്തുത കരാറിലെ 5-ാം വ്യവസ്ഥ പ്രകാരം ഡോക്യുമെൻററിയുടെ സമയബന്ധിതമായ പൂർത്തീകരണവും ഗുണമേൻമയും ഉറപ്പ് വരുത്തേണ്ടത് രണ്ടാം കക്ഷിയായ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെചുമതലയാണെന്നിരിക്കെ, ആയത് പാലിക്കപ്പെട്ടിട്ടില്ല.

ആയതിനാൽ മേൽ പരാമർശിച്ച കരാറിലെ വിവിധ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി നൽകേണ്ടിയിരുന്ന ഒഴൂർ ഗ്രാ.പ.നെ സംബന്ധിക്കുന്ന വീഡിയോ ഡോക്യുമെൻററി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും പൂർത്തീകരിച്ച് ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക, 65,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-16 ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് - ഉത്ഭവസ്ഥാനത്തിലേക്ക് തിരിച്ചടവാക്കേണ്ടത് സംബന്ധിച്ച്

ചുവടെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ വളരെ വർഷങ്ങളായി ഇടപാടുകൾ നടക്കുന്നില്ലെന്ന് കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് | അക്കൗണ്ട് നമ്പർ | ബാലൻസ് | അവസാനം ഇടപാട് നടന്ന തീയതി |
|---|---|---|---|---|
| 1 | കുടുംബശ്രീ | 57058599978,SBT | 2980 | 26-8-11 |
| 2 | സാക്ഷരത | 57058598103, SBT | 50,973 | 19-2-13 |
| 3 | OAP | 57058597198, SBT | 79,884 | 30-11-12 |
| 4 | MBS | 57058597201,SBT | 2,352 | 30-11-12 |
| 5 | SSA | 67010068380,SBT | 1,40,175 | 30-4-12 |
| 6 | TSC | 5705860051-1,SBT | 10,022 | 21-10-13 |

ടി അക്കൗണ്ടുകൾ നിർത്തലാക്കി ഫണ്ട് അനുവദിച്ചു നൽകിയ സ്ഥാപനങ്ങൾക്ക് തിരിച്ചടവാക്കേണ്ടതാണ്. തനതു ഫണ്ടിൽ മുതൽകൂട്ടേണ്ടവ തനതുഫണ്ടിൽ ഒടുക്കേണ്ടതാണ്. തുടർ നടപടി വിവരം ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 3-17 നിക്ഷേപത്തുകകൾ - സമയ പരിധി കഴിഞ്ഞവ പഞ്ചായത്തിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

2015-16 വർഷത്തെ Deposit Register പരിശോധിച്ചതിൽ മുൻ വർഷങ്ങളിലായി ഗ്രാ.പ.ന് വിവിധ ഇനങ്ങളിൽ ലഭിച്ച Deposit തുകകളിൽ 2015-16 വർഷാവസാനം 2,42,000 രൂപ അവശേഷിക്കുന്നതായി കാണുന്നു. ടി തുകയിൽ 2012-13 വർഷം വരെയുള്ള 1,78,043 തുക ഉൾപ്പെടുന്നുണ്ട്.

കാലാവധി കഴിഞ്ഞ തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 3-18 IAY ഭവന നിർമ്മാണം - അധികംനൽകിയ തുക ഈടാക്കേണ്ടതാണ്

2015-16 വർഷത്തിൽ IAY – അധിക ധനസഹായം(GI) ഇനത്തിൽ 6,80,000 രൂപ ബ്ളോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്(Vr.No.21500181, തീ: 13-7-15, ഫണ്ട്:Plan(GI)).

ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 വർഷത്തിൽ ജനറൽ വിഭാഗത്തിൽ 27 ഗുണഭോക്താക്കളാണ്കരാർ വെച്ച് ഭവനനിർമ്മാണം തുടങ്ങിയിട്ടുള്ളതെന്ന് കാണുന്നു. ഗ്രാ.പ.വിഹിതം 20,000

രൂപ നിരക്കിൽ 27 പേർക്ക് 5,40,000 രൂപ മാത്രമാണ് അർഹമായിട്ടുള്ളത്. ആയതിനാൽ മേൽ പരാമർശിച്ച പ്രകാരം നൽകിയ 6,80,000 രൂപയിൽ 5,40,000 രൂപ കഴിച്ച് ശേഷിച്ച 1,40,000 രൂപ തിരികെ ഈടാക്കേണ്ടതാണ്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് | 100000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ,എം.എസ് ഹൗസിംഗ് | ലഭ്യമല്ല | 14,10,000 | 102898 | 102898 | - | ഇല്ല |

## 4-5 . സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2006-07 | 3.16 | 3822 | എൻ.അപ്പുട്ടി(ഹെഡ് ക്ലർക്ക്) | 11503900016/22/01/1 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ – ഒറ്റ നോട്ടത്തിൽ | റോഡ് പ്രവൃത്തി | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,20,81,779 രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,50,73,214 രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 40444 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 101162/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,75,109 രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 40444 | | ശ്രീ. കെ.ജയൻ, സെക്രട്ടറി |
| 3-2 | | 77,120 | ശ്രീ.ബിനീഷ് എ. അസി. എൻജിനീയർ |
| 3-6 | | 24,042 | ശ്രീമതി കെ.എം.ജമീല, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ = 1,01,162 രൂപ | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 66,565 | ഡോ.പ്രസന്നകുമാർ, മെഡി.ഓഫീസർ(PHC) |
| 3-9 | 2,00,000 | ഡോ.പ്രസന്നകമാർ, മെഡി.ഓഫീസർ(PHC) |
| 3-10 | 34,060 | ഡോ.പ്രസന്നകമാർ, മെഡി.ഓഫീസർ(PHC) |
| 3-11 | 1,50,000 | ഡോ.പ്രസന്നകമാർ, മെഡി.ഓഫീസർ(PHC) |

| | | |
|---|---|---|
| 3-12 | 8,99,480 | ശ്രീമതി കെ.എം.ജമീല, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-14 | 26,60,000 | ശ്രീ. കെ.ജയൻ, സെക്രട്ടറി |
| 3-15 | 65,000 | ശ്രീ. കെ.ജയൻ, സെക്രട്ടറി |
| ആകെ = 40,75,105/- രൂപ | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിനീഷ് എ. അസി. എൻജിനീയർ | അസി. എൻജിനീയർ, ചെറിയമുണ്ടം ഗ്രാ.പ. | ആലുങ്ങൽ ഹൗസ്, പരപ്പനങ്ങാടി (PO), മലപ്പുറം, പിൻ:676303 |
| ശ്രീമതി കെ.എം.ജമീല, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | തുടരുന്നു | കളത്തിൽ ഹൗസ്, കെ.പുരം, താനാളൂർ, മലപ്പുറം |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-1998 | എൽ.എഫ്.എം-11/714/01/ തീ 07-10-2010 | 20 | |
| 1998-1999 | എൽ.എഫ്.എം-15/575/01/ തീ 07-10-2010 | 20 | |
| 1999-2000 | എൽ.എഫ്.എം-15/1487/02/ തീ 07-10-2010 | 11 | |
| 2000-2001 | എൽ.എഫ്.എം-15/1714/02/ തീ 07-10-2010 | 7 | |
| 2001-2002 | എൽ.എഫ്.എം-15/739/04/ തീ 07-10-2010 | 10 | |
| 2002-2003 | എൽ.എഫ്.എം-15/7434/01/ തീ 07-10-2010 | 19 | |
| 2003-2004 | എൽ.എഫ്.എം-11/1731/09/ തീ 07-10-2010 | 7 | |
| 2004-2005 | എൽ.എഫ്.എം-11/2021/08/ തീ 07-10-2010 | 8 | |
| 2005-2006 | എൽ.എഫ്.എം-14/1685/11/ തീ 19-03-2012 | 9 | |
| 2006-2007 | എൽ.എഫ്.എം-14/1686/11/ തീ 13-02-2012 | 12 | |
| 2007-2008 | എൽ.എഫ്.എം-14/55/12/ തീ 21-02-2012 | 17 | |
| 2008-2009 | എൽ.എഫ്.എം-14/56/12/ തീ 21-02-2012 | 19 | |
| 2009-2010 & 2010-2011 | എൽ.എഫ്.എം-14/1099/20/ തീ 20-07-2013 | 11 | |
| 2011-2012 & | എൽ.എഫ്.എം-24/629/15/ തീ 21-04-2015 | 48 | |

| | | | |
|---|---|---|---|
| 2012-2013 | | | |
| 2013-14 & 2014-15 | കെ.എസ്.എ-എംപിഎം.24/2062/2016 | 10 | |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

എം.എ.

# Annexure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം24/23 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.21/01 /2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

AUDIT CERTIFICATE

No. KSA/MPM/ 24/23 /2017

Kerala State Audit Department
District Office, Malappuram

E-mail: dompm.ksad@kerala.gov.in
Dated:21/01/2017

Certified that I have Audited the Annual Financial Statement of ozhur Grama Panchayat in Malappuram District for the years 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of ozhur Grama Panchayat for the years 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT